


ടച്ച് മീ
TOUCH ME

മെയ് 2026



## 6th Year of Remembrance



Born
30-09-1941

Died
09-05-2020

# *Thressiama Baby*

Chungath House
Kunnamkulam



ESTD : 1747

# ടച്ച് മീ

TOUCH ME

## പാരിഷ് ബുള്ളറ്റിൻ

പുസ്തകം : 18 | 2026 മെയ് | ലക്കം : 9

സെന്റ്. സെബാസ്റ്റ്യൻ കാത്തലിക് ചർച്ച്,
കുന്നംകുളം 680 503
(മറ്റം ഫൊറോന - തൃശ്ശൂർ അതിരൂപത)
kunnamkulamch@adtcr.org
www.touchmekkm.in

## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
**ഫാ. ഡെയ്സൻ മുണ്ടോപുറം**
96566 54567

എഡിറ്റർ & ഇടവക പി.ആർ.ഒ.
**വി.സി. ജോസി**
98470 17297
E-mail : vcjosy@gmail.com

സബ് എഡിറ്റർ
**സിസ്റ്റർ അൻസ ജോസ്** CMC
80869 50771

സെക്രട്ടറി
**എം.എൽ. സുനിൽ**
98464 34411

ട്രഷറർ
**എം.കെ. ദേവസ്സി**
94953 28758

മാനേജിംഗ് എഡിറ്റർ
**ജോൺസൺ പാവു**
94476 54230

അഡ്വർടൈസിംഗ് മാനേജർ
**സിജോ ജോസഫ്**
79074 38671

ലിറ്റർജി ഇൻചാർജ്ജ് : **ജാക്വിലിൻ വിനു** -7034551605
മിഴിവിളക്ക് ഇൻചാർജ്ജ് : **അനീന മരിയ ഷാജി** -6235960700
വഴിവിളക്ക് ഇൻചാർജ്ജ് : **റിജി പ്രിൻസ്** -7902232331
നാളാകമം ഇൻചാർജ്ജ്: **സാന്ദ്ര വി.എം.** -6282284467
വാർത്തകൾ ഇൻചാർജ്ജ് : **സാനിയ വി.എം.** -6282284467

കൈക്കാരന്മാർ
**കെ.എൽ. ലോയ്ഡ്** 89212 45453
**വർഗ്ഗീസ് ആന്റണി** 75599 69881
**ജോഫി ജോസഫ്** 98471 22268

## താളുകൾ മറിയ്ക്കുമ്പോൾ

| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയമൊഴി | 3 |
| ഇടവക ചെറിയ തിരുനാൾ കമ്മിറ്റി | 4 |
| ഇടവക വാർത്തകൾ | 5 |
| വിശ്വാസപരിശീലനം | 9 |
| സഭാവാർത്തകൾ | 11 |
| ജൂനിയർ സി.എൽ.സി. | 12 |
| അകം കാണുന്ന ദൈവത്തേക്കാൾ.. | 13 |
| ഈ യുഗത്തിന്റെ വിശുദ്ധൻ... | 15 |
| പ്രതിനിധിയോഗ വാർത്തകൾ | 17 |
| മിഴിവിളക്ക് | 18 |
| സംഘടനാ വാർത്തകൾ | 20 |
| റോബോട്ടിക് ശസ്ത്രക്രിയകളെ.... | 23 |
| ഇടവക ആൽബം | 25 |
| വഴിവിളക്ക് | 29 |
| നിറംകൊടുക്കാമോ | 30 |
| അടിക്കുറിപ്പ് മത്സരം | 31 |
| വചന കലണ്ടർ | 32 |

## വിശുദ്ധ കുർബാന

**ഞായർ 6.00 am & 9.00 am**
**സാധാരണ ദിവസം 6.30 am**

എഡിറ്റോറിയൽ...

# മെയ് മാസ റാണി !

മെയ് മാസം കത്തോലിക്കാ വിശ്വാസികളുടെ ഹൃദയങ്ങളിൽ പ്രത്യേക സ്ഥാനം കൈവരിച്ച മാസമാണ്. ഈ മാസം മുഴുവൻ പരിശുദ്ധ മറിയത്തെ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ഭക്തിപൂർണ്ണമായ ഒരു കാലഘട്ടമാണ്. അതുകൊണ്ടുതന്നെ മെയ് മാസം "മെയ് മാസ റാണി"യുടെ മാസമായി അറിയപ്പെടുന്നു.

പരിശുദ്ധ മറിയം ക്രിസ്തീയ ജീവിതത്തിന്റെ ഉത്തമ മാതൃകയാണ്. ദൈവത്തിന്റെ ആഹ്വാനം കേട്ട് "അതെ" എന്ന് പറഞ്ഞ അവളുടെ വിനയം, അനുസരണം, സമർപ്പണം എന്നിവ ഓരോ വിശ്വാസിയുടെയും ജീവിതത്തിൽ അനുകരിക്കപ്പെടേണ്ട ഗുണങ്ങളാണ്. മനുഷ്യരുടെ രക്ഷയ്ക്കായി ദൈവത്തിന്റെ പദ്ധതിയിൽ പങ്കുചേർന്ന മാതാവായി മറിയം നമ്മുടെ വിശ്വാസജീവിതത്തെ ശക്തിപ്പെടുത്തുന്നു.

മെയ് മാസത്തിൽ ദൈവാലയങ്ങളിലും വീടുകളിലും പരിശുദ്ധമറിയത്തിന്റെ രൂപത്തിനു മുമ്പിൽ പൂക്കളർപ്പിച്ച്, ജപമാല ചൊല്ലി, ഗാനങ്ങൾ പാടി നടത്തുന്ന ആരാധനകൾ നമ്മുടെ വിശ്വാസത്തെ കൂടുതൽ ആഴത്തിലാക്കുന്നു. ഇത് വെറും ഒരു ആചാരമല്ല; മറിച്ച്, മറിയത്തിന്റെ ജീവിതം അനുസരിച്ച് ജീവിക്കാനുള്ള ഒരു ആത്മീയ ആഹ്വാനമാണ്.

ഇന്നത്തെ ലോകത്ത് പലവിധ പരീക്ഷണങ്ങളും വെല്ലുവിളികളും നിറഞ്ഞിരിക്കുമ്പോൾ, മറിയം നമ്മെ നയിക്കുന്ന പ്രകാശദീപമായി നിലകൊള്ളുന്നു. ദൈവത്തിൽ വിശ്വാസം വെച്ച് എല്ലാ സാഹചര്യങ്ങളിലും സ്ഥിരത പുലർത്താൻ അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. സഹനവും സ്നേഹവും വിനയവും കൊണ്ട് ജീവിതത്തെ സമൃദ്ധമാക്കാൻ അവൾ നമ്മെ പ്രേരിപ്പിക്കുന്നു.

ഈ മെയ് മാസത്തിൽ, "മെയ് മാസ റാണി"യെ ആദരിക്കുന്നതോടൊപ്പം, അവളുടെ ഗുണങ്ങൾ നമ്മുടെ ജീവിതത്തിൽ നടപ്പിലാക്കാൻ നമുക്ക് ശ്രമിക്കാം. മറിയത്തിന്റെ വഴിയിലൂടെ ക്രിസ്തുവിലേക്കുള്ള നമ്മുടെ യാത്ര കൂടുതൽ ഉറപ്പുള്ളതാകട്ടെ.

മറിയമേ, ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

ടച്ച് മീ
TOUCH ME
*എഡിറ്റോറിയൽ ബോർഡ്*



# ഇടയമൊഴി

സ്നേഹമുള്ള ഇടവകാംഗങ്ങളേ,

അവളുടെ ഭൂതകാലം തെറ്റുകളുടെ ആകെത്തുകയായിരുന്നു. മനസ്സുമടുത്ത് അവൾ ആത്മഹത്യ ചെയ്യാൻ തീരുമാനിച്ചു. കടലോരത്ത് കൂടി അവളുടെ അവസാനയാത്ര. പിന്നെ ഒന്നു മിഴിപൂട്ടി കടലിലേക്ക് കുതിക്കുന്നതിന് മുമ്പ് ഒരു ശബ്ദം കേട്ടു. തിരിഞ്ഞു നോക്കാം. അവൾ തിരിഞ്ഞുനോക്കി. പിന്നിൽ അവളുടെ ഭൂതകാലം പോലെ കാൽപ്പാടുകൾ. അവൾ നോക്കി നിൽക്കുമ്പോൾ തന്നെ കടലിൽ നിന്ന് ഒരു തിരമാല സൗമ്യമായി വന്ന് കാൽപ്പാടുകളെ തുടച്ചു മാറ്റി വീണ്ടും കടലിലേക്ക് മടങ്ങി.

തീരം വൃത്തിയാക്കിയ സ്ലേറ്റുപോലെ വീണ്ടും മനോഹരമായി. ആ മണൽ തിട്ടയിൽ മുട്ടിന്മേൽ വീണ് അവൾ ഉറക്കെ പൊട്ടിക്കരഞ്ഞു. എന്റെ കഴിഞ്ഞ കാലത്തിന്റെ വിരൽപാടുകളെ തുടച്ചു മാറ്റുന്ന വെൺതിരയാണ് നീ... വൻ കൃപയാണ് നീ... കാരുണ്യമാണ് നീ...

**മനഃപാഠമാക്കാൻ**

"അവിടുത്തെ ഭക്തരുടെ മേൽ തലമുറകൾ തോറും അവിടുന്ന് കരുണ വർഷിക്കും"

(ലൂക്കാ 1:50)

"സത്യസന്ധമായി വിധിക്കുക; സഹോദരർ പരസ്പരം കരുണയും അലിവും കാണിക്കുക"

(സഖറിയാ. 7:9)

*ഏവർക്കും കരുണാമയനായ തമ്പുരാന്റെ അനുഗ്രഹങ്ങൾ നേർന്നുകൊണ്ട്*

യേശുവിൽ സ്നേഹപൂർവ്വം
വികാരിയച്ചൻ
ഫാ. ഡെയ്സൻ മുണ്ടോപുറം

## സെന്റ് സെബാസ്റ്റ്യൻ ചർച്ച് - കുന്നംകുളം

# ഇടവക ചെറിയ തിരുനാൾ

### കക്കാട് സെന്റ് ആന്റണീസ് കപ്പേള - വി. അന്തോണീസിന്റെ തിരുനാൾ (ജൂൺ 13)

## തിരുനാൾ കമ്മിറ്റി - 2026

*ചെയർമാൻ*



റവ. ഫാ. ഡെയ്സൻ മുണ്ടോപുറം
(ഇടവക വികാരി)
✆ 96566 54567

***വൈസ് ചെയർമാൻമാർ***



സിസ്റ്റർ ബെൻസി സി.എം.സി.
(സിസ്റ്റർ സുപ്പീരിയർ)
✆ 91758 19987



കെ.എൽ. ലോയ്ഡ്
(കൈക്കാരൻ)
✆ 89212 45453



വർഗ്ഗീസ് ആന്റണി
(കൈക്കാരൻ)
✆ 75599 69881



ജോഫി ജോസഫ്
(കൈക്കാരൻ)
✆ 98471 22268

***ജന. കൺവീനർ***



പേൾജു ബി. ചുങ്കത്ത്
✆ 98470 31110

***ജോ. ജന. കൺവീനർ***



ലില്ലി ആന്റണി
✆ 94001 62851

***സബ് കമ്മിറ്റി കൺവീനർ***

*ഫിനാൻസ്*



ലിയോൺ ജോർജ്ജ്
✆ 96056 14973

*ലിറ്റർജി*



എൻ.ജെ. ജെയ്മോൻ
✆ 93498 52495

*വർണ്ണമഴ*



പി.ആർ. സജി
✆ 96565 69615

*ഫുഡ്*





സി.എൻ. ഇമ്മാനുവേൽ
✆ 95390 39439

*പ്രസഷൻ*



കെ.ജി. ബാബു
✆ 99619 99487


25
SILVER JUBILEE
happy
Anniversary
27-05-2026
Shaji & Mini
Tharayil House
Chiralayam, Kunnamkulam
SHARING HAPPINESS
ANN MARIYA, ANGEL MARIYA



15th CRYSTAL JUBILEE

08-05-2026

Happy Anniversary!

*Sibi Varghese*
*& Simi Sibi*

Chungath House
Chiralayam, Kunnamkulam

Sharing Happiness : Abin, Abina, Appachan & Amma



# യുവജന ഏകദിന ധ്യാനം

2026 മെയ് 31 ഞായർ വൈകിട്ട് 5 മുതൽ 8 വരെ

ധ്യാനം നയിക്കുന്നത് 〉 **റവ. ഫാ. ജിസൻ പോൾ**



2026 മെയ് 31 ഞായർ വൈകിട്ട് 5 മുതൽ 8 വരെ
യുവജനഏകദിനധ്യാനത്തിന്റെ ഭാഗമായി
**റവ. ഫാ. ജിസൻ പോൾ** നമ്മുടെ ഇടവകയിൽ
നമ്മോട് കൂടെ ഉണ്ടായിരിക്കും...
അന്ന് എല്ലാവരും മറ്റു തിരക്കുകൾ എല്ലാം മാറ്റിവെച്ച്
ഫാ. ജിസൻ പോളിലൂടെ ഈശോയെ കേൾക്കാനായി
ഉണ്ടാകണേ....
ഈ തിയതിയും സമയവും ഒന്ന് ഏവരും
ഒഴിവാക്കി ഇടണേ!...
ഏവരുടെയും സാന്നിധ്യവും സഹകരണവും
പ്രതീക്ഷിക്കുന്നു...

യേശുവിൽ സ്നേഹപൂർവ്വം...
വികാരി, കുന്നംകുളം

# ഇടവക വാർത്തകൾ

## മെയ് 5 ചൊവ്വ : കപ്പേളയിൽ ലദീഞ്ഞ് & നൊവേന

06.30 pm : സെന്റ് ആന്റണീസ് കപ്പേളയിൽ ലദ്ദീഞ്ഞ് & നൊവേന

## മെയ് 8 വെള്ളി : ആറാം വെള്ളിയാചരണം

(**NB** : രാവിലെ വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതല്ല.)

05.00 pm : പ്രാർത്ഥന കൂട്ടായ്മ, ആരാധന, കരുണകൊന്ത & കുമ്പസാരം (നേതൃത്വം : പ്രാർത്ഥനാഗ്രൂപ്പ്)
06.00 pm : പരി. കുർബാനയുടെ വാഴ്വ്, വി. സെബസ്ത്യാനോസിന്റെ ലദീഞ്ഞ് & നൊവേന
06.15 pm : വി. കുർബാന & നേർച്ച വിതരണം

## മെയ് 10 ഞായർ : അൾത്താരസംഘ അംഗത്വ സ്വീകരണം & ഏയ്ഞ്ചൽസ് ഡേ

06.00 am : വി. കുർബാന
09.15 am : വി. കുർബാന, അൾത്താര സംഘ അംഗത്വ സ്വീകരണം (നേതൃത്വം : അൾത്താരസംഘം)
10.30 am : ഏയ്ഞ്ചൽസ് ഡേ (നേതൃത്വം : തിരുബാലസഖ്യം)

## മെയ് 15 വെള്ളി : ഏഴാം വെള്ളിയാചരണം

(**NB** : രാവിലെ വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതല്ല.)

05.00 pm : പ്രാർത്ഥന കൂട്ടായ്മ, ആരാധന, കരുണകൊന്ത & കുമ്പസാരം
06.00 pm : പരി. കുർബാനയുടെ വാഴ്വ്, വി. സെബസ്ത്യാനോസിന്റെ ലദ്ദീഞ്ഞ് & നൊവേന
06.15 pm : വി.കുർബാന & നേർച്ചവിതരണം

## മെയ് 17 ഞായർ : മിഷൻ അനുഭവം പങ്കുവെയ്ക്കൽ & സ്കൂൾ കിറ്റ് വിതരണം

06.00 am : വി. കുർബാന
08.30 am : മിഷൻ അനുഭവം പങ്കുവെയ്ക്കൽ & സ്കൂൾ കിറ്റ് വിതരണം (നേതൃത്വം : യൂത്ത് സി.എൽ.സി.)
09.15 am : വി. കുർബാന
10.30 am : വിശ്വാസ പരിശീലകരുടെ ഇടവകതല അർദ്ധദിന സെമിനാർ

## മെയ് 22 വെള്ളി : എട്ടാം വെള്ളിയാചരണം

(**NB** : രാവിലെ വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതല്ല.)

05.00 pm : പ്രാർത്ഥന കൂട്ടായ്മ, ആരാധന, കരുണകൊന്ത & കുമ്പസാരം
06.00 pm : പരി. കുർബാനയുടെ വാഴ്വ്, വി. സെബസ്ത്യാനോസിന്റെ ലദ്വീഞ്ഞ് & നൊവേന
06.15 pm : വി. കുർബാന & നേർച്ചവിതരണം

## മെയ് 23 ശനി : മൂന്നാമത് അൾത്താര സംഘ തീരദേശ ഫുട്ബോൾ ടൂർണ്ണമെന്റ്

09.00 am : മൂന്നാമത് അൾത്താര സംഘ തീരദേശ ഫുട്ബോൾ ടൂർണമെന്റ് (നേതൃത്വം : അൾത്താരസംഘം)

## മെയ് 24 ഞായർ : പന്തകുസ്ത തിരുനാൾ, എഴുത്തിനിരുത്തൽ, ബെർക്കുമെൻസ് പരിശീലനകളരി

06.00 am : പന്തക്കുസ്ത തിരുനാൾ പ്രാർത്ഥന ശുശ്രൂഷ, വി. കുർബാന (നേതൃത്വം : പ്രാർത്ഥനാഗ്രൂപ്പ്)
08.45 am : എഴുത്തിനിരുത്തൽ ശുശ്രൂഷ (നേതൃത്വം : തിരുബാലസഖ്യം)
09.15 am : വി. കുർബാന
04.00 pm : ബെർക്കുമെൻസ് പരിശീലന കളരി (നേതൃത്വം : അൾത്താരസംഘം)

## മെയ് 29 വെള്ളി : ഒൻപതാം വെള്ളിയാചരണം

(**NB** : രാവിലെ വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതല്ല.)

09.00 am : ഒൻപത് മണിക്കൂർ ആരാധന & അഖണ്ഡജപമാല & കുമ്പസാരം (നേതൃത്വം : പ്രാർത്ഥനാഗ്രൂപ്പ്)
06.00 pm : വി. സെബസ്ത്യാനോസിന്റെ ലദ്വീഞ്ഞ്, നൊവേന & പരി. കുർബാനയുടെ പ്രദക്ഷിണം (നേതൃത്വം : ആത്മായ പ്രേഷിത സമിതി)
06.30 pm : കാഴ്ചസമർപ്പണം, തിരിതെളിയിക്കൽ, ആഘോഷമായ വി. കുർബാന, സന്ദേശം, സ്നേഹോപഹാര സമർപ്പണം, തിരുആട സമർപ്പണം, നേർച്ച ഊട്ട് (നേതൃത്വം : ആത്മായ പ്രേഷിത സമിതി)

**മെയ് 30 ശനി : അദ്ധ്യായന വർഷാരംഭ അർദ്ധദിന ധ്യാനം**

| | |
|---|---|
| 08.30 am to 12.30 pm | LP & UP വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് അർദ്ധദിന അദ്ധ്യയന വർഷാരംഭ ധ്യാനം, അഭിഷേക ശുശ്രൂഷ & വെഞ്ചിരിപ്പ് |
| 02.00 pm to 06.00 pm | LP & HSS വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് അർദ്ധദിന അദ്ധ്യയന വർഷാരംഭ ധ്യാനം, അഭിഷേക ശുശ്രൂഷ & വെഞ്ചിരിപ്പ് |

**മെയ് 31 ഞായർ : പരി. ത്രിത്വത്തിന്റെ തിരുനാൾ, വിശ്വാസപരിശീലന അദ്ധ്യായന വർഷാരംഭം & യുവജനധ്യാനം & മരിയൻ രാവ് & വണക്കമാസം കാലംകൂടൽ ശുശ്രൂഷ**

06.00 am : പരി. ത്രിത്വത്തിന്റെ തിരുനാൾ പ്രാർത്ഥന ശുശ്രൂഷ, വി. കുർബാന & നേർച്ചവിതരണം
(നേതൃത്വം : ഗായകസംഘം)

07.30 am : വിശ്വാസപരിശീലന അദ്ധ്യന വർഷാരംഭം, സ്നേഹോത്സവ ദിനം

09.15 am : വി. കുർബാന

05.00 pm : മേരിനാമധാരികളുടെ കാഴ്ചസമർപ്പണം, വണക്കമാസം കാലംകൂടൽ ശുശ്രൂഷ, മേരിനാമധാരികൾക്ക് ആദരം & മരിയൻ രാവ്
(നേതൃത്വം : മാതൃവേദി & ജൂനിയർ സി.എൽ.സി.)

05.30 pm : യുവജനധ്യാനം
(നേതൃത്വം : ബ്ലെയ്സ് യുവജന കൂട്ടായ്മ)

**മെയ് മാസത്തിലെ ഞായറാഴ്ചകളിൽ ഒന്നാമത്തെ വി. കുർബാന ബൈബിൾ വായനകൾക്കും കാറോസൂസ ശുശ്രൂഷയ്ക്കും നേതൃത്വം നൽകേണ്ട കുടുംബകൂട്ടായ്മകൾ**

| തിയ്യതി | കുടുംബകൂട്ടായ്മ |
|---|---|
| മെയ് 03 ഞായർ | മേരിമാതാ കുടുംബകൂട്ടായ്മ |
| മെയ് 10 ഞായർ | സെന്റ് ആന്റണീസ് കുടുംബകൂട്ടായ്മ |
| മെയ് 17 ഞായർ | സെന്റ് തോമസ് കുടുംബകൂട്ടായ്മ |
| മെയ് 24 ഞായർ | സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ |
| മെയ് 31 ഞായർ | സെന്റ് സേവ്യർ കുടുംബകൂട്ടായ്മ |

**ജൂൺ മാസത്തിൽ വീട് വെഞ്ചരിപ്പ്, പ്രതിഷ്ഠ & വലിയ നോമ്പ് പരിത്യാഗ തുക സമർപ്പണം സ്വീകരിക്കൽ താഴെ നൽകുന്ന തിയ്യതികളിൽ കുടുംബകൂട്ടായ്മകളിലെ ഭവനങ്ങളിൽ വൈകീട്ട് 6.30 മുതൽ 9.30 വരെ വന്ന് നിർവ്വഹിക്കുന്നതായിരിക്കും**

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ :-

(i) വീട് അടിച്ചുവാരി തുടച്ച് വെഞ്ചിരിപ്പിനായി ഒരുക്കിയിടണം.
(ii) തിരുഹൃദയ ഇടത്തിൽ തിരികത്തിച്ച് വെച്ചിരിക്കണം.
(iii) കുടുംബഡയറി എടുത്തു വെച്ചിരിക്കണം.
(iv) വലിയ നോമ്പ് പരിത്യാഗ തുക ചെപ്പിൽ നിന്ന് എടുത്ത്, എണ്ണി തിട്ടപ്പെടുത്തി കവറിൽ ഇട്ട് നൽകുവാൻ ഒരുക്കിവെച്ചിരിക്കണം.
(v) വീട് വെഞ്ചിരിപ്പ് സമയം കുടുംബാംഗങ്ങൾ ഏവരും ഉണ്ടായിരിക്കുന്നത് ഉചിതം.

| തിയ്യതി | കുടുംബകൂട്ടായ്മകൾ |
|---|---|
| ജൂൺ 1, 2 (തിങ്കൾ, ചൊവ്വ) | സെന്റ് ജോസഫ് കുടുംബകൂട്ടായ്മ |
| ജൂൺ 3, 4, 5 (ബുധൻ, വ്യാഴം, വെള്ളി) | സെന്റ് സേവ്യർ കുടുംബകൂട്ടായ്മ |
| ജൂൺ 8, 9, 10, 11 (തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം) | മേരിമാത കുടുംബകൂട്ടായ്മ |
| ജൂൺ 15, 16, 17, 18 (തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം) | സെന്റ് തോമസ് കുടുംബകൂട്ടായ്മ |
| ജൂൺ 22, 23, 24 (തിങ്കൾ, ചൊവ്വ, ബുധൻ) | സെന്റ് ആന്റണി കുടുംബകൂട്ടായ്മ |
| ജൂൺ 25, 29, 30 (വ്യാഴം, തിങ്കൾ, ചൊവ്വ) | സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ |

## സംഘടന / സമിതി മീറ്റിംഗുകളുടെ ദിവസവും സമയവും

| | |
|---|---|
| ഒന്നാം ഞായർ രാവിലെ 7.30ന് | കുടുംബകൂട്ടായ്മ കേന്ദ്രസമിതി |
| ഒന്നാം ഞായർ രാവിലെ 10.30ന് | വിശ്വാസപരിശീലന അധ്യാപക സമിതി |
| ഒന്നാം ഞായർ വൈകീട്ട് 5.00ന് | അൾത്താരസംഘം |
| ഒന്നാം ബുധൻ വൈകീട്ട് 5.00ന് | പ്രാർത്ഥനാ ഗ്രൂപ്പ് |
| രണ്ടാം ഞായർ രാവിലെ 7.30ന് | കെ. എൽ. എം. |
| രണ്ടാം ഞായർ രാവിലെ 10.30ന് | യൂത്ത് സി. എൽ. സി. |
| രണ്ടാം ഞായർ വൈകീട്ട് 5.00ന് | ഗായകസംഘം |
| മൂന്നാം ശനി വൈകീട്ട് 8.00ന് | ടച്ച് മീ എഡിറ്റോറിയൽ ബോർഡ് |
| മൂന്നാം ഞായർ രാവിലെ 7.30ന് | ഇടവക പ്രതിനിധിയോഗം |
| മൂന്നാം ഞായർ രാവിലെ 10.30ന് | തിരുബാലസഖ്യം |
| മൂന്നാം ഞായർ രാവിലെ 10.30ന് | ജൂനിയർ സി. എൽ. സി. |
| മൂന്നാം ഞായർ വൈകീട്ട് 5.00ന് | ജീസസ് യൂത്ത് |
| നാലാം ഞായർ രാവിലെ 7.30ന് | കത്തോലിക്കാ കോൺഗ്രസ്സ് |
| നാലാം ഞായർ രാവിലെ 10.30ന് | മാതൃവേദി |
| നാലാം ഞായർ വൈകീട്ട് 5.00ന് | കെ. സി. വൈ. എം. |
| അഞ്ചാം ഞായർ രാവിലെ 7.30ന് | ഭക്തസംഘടന ഏകോപനസമിതി |
| അഞ്ചാം ഞായർ രാവിലെ 10.30ന് | റോസമിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ സമിതി |






പി.എ. ലില്ലി
(പ്രിൻസിപ്പാൾ)

## വിശ്വാസ പരിശീലനം

പ്രിയ കുഞ്ഞുങ്ങളെ

എല്ലാവർക്കും സുഖമല്ലേ? അവധിക്കാലം അടിച്ചു പൊളിക്കുകയായിരിക്കും എല്ലാവരും. ഒപ്പം ട്യൂഷൻ ക്ലാസ്സുകളിലും കോച്ചിങ് ക്ലാസുകളിലും പോകുന്നവർ ഉണ്ടാവും. ഏത് വിധത്തിൽ ആയാലും അവധിക്കാലം ആസ്വദിക്കണം.

ഒരു കാര്യം ശ്രദ്ധിക്കാനുണ്ട്: ചൂട് കൂടുകയാണ്. കളിക്കാനോ പഠിക്കാനോ ആയി പുറത്ത് പോകുന്നവര് നിർബന്ധമായും സൂക്ഷിക്കണം. അതുപോലെ വെള്ളത്തിൽ ഉള്ള വിനോദങ്ങളും. എല്ലാ അവധിക്കാലത്തും ഒരുപാട് കുട്ടികൾ വെള്ളം മൂലം.അപകടത്തിൽ പെട്ടിട്ടുണ്ട് എന്നത് ഓർമ്മ വേണം.

നമ്മുടെ ദൈവദർശൻ ക്യാമ്പ് ഭംഗിയായി കഴിഞ്ഞു. നിങ്ങളെല്ലാം നന്നായി ആസ്വദിച്ചു എന്ന് അറിയാം. ഏറ്റവും സജീവമായി പങ്കെടുത്ത നിങ്ങൾക്ക് അഭിനന്ദനങ്ങൾ!

ഇത് മെയ് മാസം ആണ്. ഈ മാസത്തിന്റെ പ്രത്യേകത നിങ്ങൾക്കെല്ലാം അറിയാം. പരിശുദ്ധ അമ്മയ്ക്ക് പ്രത്യേകമായി സമർപ്പിക്കപ്പെട്ട മാസമാണ്. എല്ലാ വിശുദ്ധിയോടും ഭക്തിയോടും വിശ്വാസത്തോടും കൂടെ നമുക്ക് മെയ് മാസവണക്കത്തിൽ പങ്കുകൊള്ളാം.

സ്നേഹത്തോടെ
ലില്ലി ടീച്ചർ

## ഇടവകയിലേയ്ക്ക് സ്വാഗതം

**നമ്മുടെ ഇടവകയിൽ ചേർന്ന് സെന്റ് തോമസ് കുടുംബ കൂട്ടായ്മയിൽ അംഗമായ**

**സ്രാമ്പിക്കൽ രാജു റിനിലിനും കുടുംബത്തിനും**

**ഇടവകയിലേക്ക് സ്വാഗതം**

# FCRA ബിൽ സമ്പൂർണ്ണമായി പിൻവലിക്കുക




കുന്നംകുളം : മിഷ്യൻ രംഗത്തും, ആതുര ശുശ്രൂഷ രംഗത്തും, വിദ്യഭ്യാസ രംഗത്തും നിസ്വാർത്ഥമായി സേവനം നടത്തുവാൻ വേണ്ടി, ക്രൈസ്തവ സഭകൾക്ക്, വിദേശത്തുനിന്നും ലഭിക്കുന്ന സഹായം തടയാൻ വേണ്ടി തയ്യാറാക്കിയ FCRA ബിൽ മാറ്റിവെക്കുകയല്ല, സമ്പൂർണ്ണമായി പിൻവലിക്കുകയാണ് വേണ്ടതെന്ന് കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവക കത്തോലിക്ക കോൺഗ്രസ് യോഗം ആവശ്യപ്പെട്ടു. ഈസ്റ്റർ ദിനത്തിൽ ഇടവക വികാരി ഡെയ്സൻ മുണ്ടോപുറത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കുന്നംകുളം യൂണിറ്റ് ട്രഷറർ എം.എൽ. സുനിൽ പ്രമേയം അവതിരിപ്പിച്ചു. കത്തോലിക്ക കോൺഗ്രസ് ഭാരവാഹികളും ഇടവക ജനങ്ങളും യോഗത്തിൽ പങ്കെടുത്തു.

# വി. അത്തനാസിയൂസ്



ക്രി.വ. 4-ാംനൂറ്റാണ്ടിൽ (ജീവിച്ചിരുന്ന ക്രൈസ്തവ സഭാ പിതാവായിരുന്നു അത്തനേഷ്യസ് അഥവാ അത്തനാസിയൂസ് 396-373). ഈജിപ്തിൽ അലക്സാണ്ഡ്രിയയിലെ മെത്രാനായിരുന്നു അദ്ദേഹം. ദൈവശാസ്ത്രകാരൻ, നാലാം നൂറ്റാണ്ടിലെ അറിയപ്പെടുന്ന ഈജിപ്ഷ്യൻ നേതാവ് എന്നീ നിലകളിലും അദ്ദേഹം പ്രശസ്തനാണ്. യേശു ദൈവപുത്രന്റെ മനുഷ്യാവതാരമായിരുന്നു എന്ന വിശ്വാസത്തെ കേന്ദ്രീകരിച്ച്, യേശുവും പിതാവായ ദൈവവും തമ്മിലുള്ള ബന്ധത്തെപ്പറ്റി നടന്ന നീണ്ട തർക്കങ്ങളിലെ കേന്ദ്രനായകനായിരുന്നു അദ്ദേഹം. വിവാദനായകനും, സ്വന്തം ജീവിതകാലത്തു ഒട്ടേറെ വിമർശനങ്ങൾക്കു പാത്രവുമായിരുന്നുവെങ്കിലും, പിൽക്കാലങ്ങളിൽ ക്രിസ്ത്വവതാരത്തെക്കുറിച്ചുള്ള അത്തനാസിയൂസിന്റെ നിലപാടുകൾക്ക് സഭയിൽ പൂർണ സ്വീകാര്യത കിട്ടിയതുമൂലം ഇന്ന് അദ്ദേഹത്തെ വിശ്വാസത്തിന്റെ വലിയ രക്ഷകനെന്ന് മുഖ്യധാരാ ക്രൈസ്തവ സഭകളെല്ലാം ഘോഷിക്കുന്നു.

**ജനനം** : **293 ന് അടുത്ത് (അലക്സാണ്ട്റിയ, ഈജിപ്ത്)**
**മരണം** : **മെയ് 2, 373**
**ഓർമ്മത്തിരുനാൾ** : **മെയ് 15**



പാവന സ്മരണയ്ക്ക്

**17-ാം ചരമവാർഷികം**
13-05-2026

മാത്തിപറമ്പിൽ
തോമ
# ലോനപ്പൻ

സ്മരണകളോടെ
മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ

---



ജനനം
30 – 01 – 1928


മരണം
19 – 05 – 2008

പാവനസ്മരണയ്ക്ക്

വടക്കൂട്ട്
കൊച്ചാപ്പു
# ചാക്കുണ്ണി

വടക്കൂട്ട് ഹൗസ്
കിഴക്കേ അങ്ങാടി
കുന്നംകുളം

സ്നേഹസ്മരണകളോടെ : സന്തപ്ത കുടുംബാംഗങ്ങൾ


10th
Death Anniversary
16-05-2026
Loving Memory of
WILSON PAUL
Panakkal House
YMCA Road - Kunnamkulam


33–ാം
ചരമവാർഷികം
04–05–2026
കിഴക്കൂട്ട് മത്തായി
ജോസ്
കോട്ടയിൽ റോഡ്
കുന്നംകുളം
പ്രാർത്ഥനയോടെ...
ഭാര്യ, മക്കൾ, മരുമക്കൾ,
പേരക്കുട്ടികൾ



# സഭാ വാർത്തകൾ

**സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളെ ക്രൈസ്തവ മാധ്യമ പ്രവർത്തകർ മിഷനായി കാണണം**

ഹൈദരാബാദ്: ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും സോഷ്യൽ മീഡിയയും ഉത്തരവാദിത്വത്തോടെയും മിഷൻ അധിഷ്ഠിതമായും ക്രൈസ്തവ മാധ്യമപ്രവർത്തകർ ഉപയോഗിക്കണമെന്ന് സിബിസിഐ സമ്പർക്കമാധ്യമ കമ്മീഷന്റേയും നിസ്കോർട്ട് മീഡിയയുടെയും ചെയർമാനായ ബിഷപ് രായരാല വിജയകുമാർ. ഭാരത മെത്രാൻ സമിതിയുടെ (സിബിസിഐ) നേതൃത്വത്തിൽ ഹൈദരാബാദിലെ സെന്റ് ജോൺസ് റീജിയണൽ സെമിനാരിയിൽ നടന്ന സഭയിലെ മാധ്യമപ്രവർത്തകരുടെ ദേശീയ കൂട്ടായ്മയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സിബിസിഐ സോഷ്യൽ കമ്മ്യൂണിക്കേഷൻ ഓഫീസ് നിസ്കോർട്ട് മീഡിയ കോളേജുമായി സഹകരിച്ചാണ് ഈ പരിപാടി സംഘടിപ്പിച്ചത്.

**ദരിദ്രർക്കുള്ള കുടിവെള്ളത്തിനായി ചോദിച്ചത് 10,000 ഡോളർ; പാപ്പ നൽകിയത് പ്രതീക്ഷകൾക്ക് അപ്പുറമുള്ള സഹായം!**

സാൻ സാൽവദോർ: എൽ സാൽവദോറിലെ ഉൾനാടൻ ഗ്രാമങ്ങളിൽ ശുദ്ധജലമില്ലാതെ ദുരിതമനുഭവിക്കുന്ന ദരിദ്രർക്കുള്ള കുടിവെള്ള പദ്ധതിക്കായി ഒരു ലക്ഷം ഡോളർ സഹായം നൽകി ലിയോ 14-ാമൻ പാപ്പ. എൽ സാൽവദോറിലെ നാല് രൂപതകളിൽ ജല ശുചീകരണ പ്ലാന്റുകൾ നിർമിക്കുന്നതിനും ക്ലോറിനേഷനുള്ള ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും ഈ സംഭാവന ഉപകരിക്കും.



**അനുമോദനങ്ങൾ**

ഫെബ്രുവരി മാസത്തിൽ ഇടവകയിലെ
മികച്ച അൾത്താരബാലനായി
തെരഞ്ഞെടുത്ത

**ചൊവ്വല്ലൂർ റോബി റോൾസിന്**

*ഇടവക കുടുംബത്തിന്റെ*
*അനുമോദനങ്ങൾ*

***ജൂനിയർ സി.എൽ.സി. പംക്തി***



# വി. കൊച്ചുത്രേസ്യ

**സെലസ് ആലപ്പാട്ട്**

ലിസ്യുവിലെ വിശുദ്ധ തെരേസ എന്നറിയപ്പെടുന്ന വിശുദ്ധ കൊച്ചുത്രേസ്യ, കത്തോലിക്കാ സഭയിലെ ഏറ്റവും ജനപ്രിയരായ വിശുദ്ധരിൽ ഒരാളാണ്. 'ചെറുപുഷ്പം' എന്ന പേരിൽ അറിയപ്പെടുന്ന ഇവർ, തന്റെ ലളിതമായ ആത്മീയ ജീവിതത്തിലൂടേയും പ്രേഷിത തീക്ഷ്ണതയിലുടേയും ലോകമെങ്ങും വണങ്ങപ്പെടുന്നു. കർമ്മലീത്ത സന്യാസിനിയും മിഷനറിമാരുടെ മധ്യസ്ഥയുമാണ് വി. കൊച്ചുത്രേസ്യ.

1873 ജനുവരി 2ന് ഫ്രാൻസിലെ അലൻസോണിൽ ലുയി മാർട്ടിൻ - സെലിഗ്വരിൻ ദമ്പതികളുടെ മകളായി ജനിച്ചു. വളരെ ചെറിയ പ്രായത്തിൽ തന്നെ സന്യാസ ജീവിതം തെരഞ്ഞെടുത്ത കൊച്ചുത്രേസ്യ 15-ാമത്തെ വയസ്സിൽ തന്റെ രണ്ട് സഹോദരിമാരോടൊപ്പം മഠത്തിൽ ചേർന്നു. ദൈവവുമായുള്ള തെരേസയുടെ ബന്ധം കുട്ടിത്തം നിറഞ്ഞതായിരുന്നു.

മിഷനറി പ്രവർത്തനങ്ങളിൽ പങ്കുകൊള്ളുവാൻ തെരേസ താല്പര്യപ്പെട്ടിരുന്നുവെങ്കിലും അനാരോഗ്യം മൂലം സാധ്യമായില്ല. ക്ഷയരോഗം മൂലം വളരെയധികം യാതന അനുഭവിച്ചെങ്കിലും സഹനശക്തിയുടെ ഉജ്ജ്വല ദൃഷ്ടാന്തമായി തെരേസ നിലകൊണ്ടു. വേദനയിലും രോഗാവസ്ഥയിലും പുഞ്ചിരിയോടെ ദൈവത്തെ സ്നേഹിച്ചു.

ക്ഷയരോഗം ബാധിച്ച് 24-ാം വയസ്സിൽ ഇഹലോകവാസം വെടിഞ്ഞു. ദൈവസ്നേഹത്തിലൂടെയുള്ള 'ചെറിയ വഴികൾ' വഴി വിശുദ്ധി കൈവരിച്ചു. 1925 ൽ പതിനൊന്നാം പീയൂസ് മാർപാപ്പ വിശുദ്ധയായി പ്രഖ്യാപിച്ച വി. കൊച്ചുത്രേസ്യയുടെ തിരുനാൾ ഒക്ടോബർ 1ന് നാം ആഘോഷിക്കുന്നു.

കൊച്ചുത്രേസ്യയുടെ ജീവചരിത്രമായ 'ഒരു ആത്മാവിന്റെ കഥ' ലോകപ്രശസ്തമായ ആത്മീയ ഗ്രന്ഥങ്ങളിൽ ഒന്നാണ്. അത് ഏറെപ്പേരെ വിശുദ്ധിയിലേക്ക് ആകർഷിക്കാൻ ഇടയാക്കിയിട്ടുണ്ട്. ആധുനിക യുഗത്തിൽ ജീവിക്കുന്ന നമുക്ക് വി. കൊച്ചുത്രേസ്യയുടെ ജീവിതം ഒരു മാതൃകയായിരിക്കട്ടെ. പ്രയാസങ്ങളും, വേദനകളും നമ്മെ അലട്ടുമ്പോൾ, ദൈവസ്നേഹത്തിൽ ആശ്രയിച്ച് ധീരതയോടെ ജീവിതം മുന്നോട്ട് നയിക്കാൻ ഈ വിശുദ്ധയുടെ ജീവിതശൈലി നമ്മെ സഹായിക്കും.

# അകം കാണുന്ന ദൈവത്തേക്കാൾ പുറം കാണുന്ന മനുഷ്യരെ ഭയക്കണമേ...!!!



അലോന ബാബു

പ്രിയസുഹൃത്തുക്കളെ, നാം എല്ലാവരും എന്തിനെയാണ് ഭയക്കുന്നത്. എല്ലാവരും ഒന്ന് ചിന്തിച്ച് നോക്കുക. അകം കാണുന്ന ദൈവത്തേക്കാൾ നാം മനുഷ്യരെ ഭയക്കേണ്ട ആവശ്യകത എന്താണെന്ന് എനിക്ക് ഇപ്പോഴും മനസ്സിലായിട്ടില്ല. നിങ്ങൾ ആരെങ്കിലും എപ്പോഴെങ്കിലും ചിന്തിക്കേണ്ടതാണ്. അല്ലെങ്കിൽ പിന്നെ എന്തിനാണ് നാം നല്ല ആളാണെന്ന് മറ്റുള്ളവരെ അറിയിക്കാൻ ശ്രമിക്കുന്നത്. ഉദാഹരണത്തിന് പണ്ടത്തെ പഴഞ്ചൊല്ലിൽ നിന്ന്തന്നെയാവട്ടെ വലതുകൈ ചെയ്യുന്നത് ഇടത് കൈ അറിയാതെ ഇരിക്കട്ടെ. നമ്മൾ പലരും ഇന്ന് അങ്ങനെയാണോ. മനസ്സിലാക്കുക. അല്ലെങ്കിൽ പിന്നെ എന്തിനാണ് നാം അവ മറ്റു സാമൂഹ്യമാധ്യമങ്ങളിൽ ഇട്ട് മറ്റുള്ളവരോടും ചെയ്യാൻ പറയുന്നത്. അതിലൂടെ മറ്റുള്ളവർക്ക് നമ്മൾ ഊർജ്ജമാവുന്നതിൽ ഉപരി നാം സഹായിക്കുന്ന ആളുകളുടെ വ്യക്തിത്വം നാം തന്നെ നശിപ്പിക്കുകയല്ലേ യഥാർത്ഥത്തിൽ ചെയ്യുന്നത്. അങ്ങനെ മറ്റുള്ളവരിൽ നിന്ന് സഹായം ലഭിച്ച വ്യക്തിക്ക് പിന്നീട് ഒരിക്കലും തന്റെ എന്ന നിലയിൽ തലഉയർത്തി നടക്കാൻ പറ്റുമോ. നാം ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ. നാം ദൈവത്തിന്റെ മുൻപിലല്ലേ ഇവ കാണിക്കേണ്ടതുള്ളൂ. പിന്നെ എന്തെ അതിനാൾ ഉപരിയായി നാം മനുഷ്യനെ ഭയക്കുന്നത്.

ഞാൻ ഇത്രയും പറഞ്ഞ കാര്യങ്ങൾ ദഹിക്കാത്തവർക്കു വേണ്ടി, അതായത് നമുക്ക് എല്ലാവർക്കും അറിയാം നാം ചെയ്യുന്ന ഓരോ ചെറിയ കാര്യം പോലും ദൈവത്തിന് അറിയാം എന്ന്. പക്ഷേ, ഉദാഹരണം നമ്മൾ ചെയ്യുന്ന പ്രവൃത്തികൾ ക്യാമറയിൽ പകർത്തിയാൽ നാം എല്ലാവരും മര്യാദപൂർവ്വമല്ലേ പെരുമാറുകയുള്ളൂ. അതെ, എന്ത്കൊണ്ട്! ചിന്തിക്കാം. നാം മറ്റുള്ളവർ കാണുന്ന രീതികളും അല്ലാത്തപ്പോൾ ഉള്ള രീതികളും ഒന്ന്തന്നെയാണ് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അതെ, എവിടെയൊക്കെയോ അല്ലെങ്കിൽ എപ്പോളൊക്കെയോ നമുക്ക്, നമ്മുടെ ഉള്ളറിയുന്ന ദൈവത്തേക്കാൾ നാം നമ്മുടെ പുറം കാണുന്ന മനുഷ്യനെ ഭയക്കുന്നു. അത് നമ്മുടെ ശൈലികാരണമല്ല. ആ വ്യക്തി അങ്ങനെയാണെങ്കിൽ കുഴപ്പമില്ല. പക്ഷേ, അത് നമ്മുടെ തെറ്റ് അല്ല എന്ന് നാം ഉറപ്പുവരുത്തേണ്ടതാണ്. ദൈവം നമ്മുടെ ഉള്ളറിയുന്നവനാണ്. നമ്മെ അറിയുന്നവനാണ്. പിന്നെ എന്തെ നമുക്ക് പാളിച്ചകൾ പറ്റുന്നത്. നമ്മൾ തെറ്റ് ചെയ്തിട്ടില്ലെങ്കിൽ നാം ആരേയും പേടിക്കേണ്ടതില്ല. നമുക്കും നമ്മുടെ ദൈവത്തിനും അറിയാമോ അത്തന്നെ ധാരാളം. ദൈവ

ത്തേക്കാൾ കൂടുതൽ മൂല്യം മറ്റുള്ളവർക്ക് കൊടുക്കുന്നവർ ഒരു തരത്തിൽ പറഞ്ഞാൽ, അതും തെറ്റാണ്. നാം ദൈവത്തിന് തന്നെയാണ് ഏറ്റവും കൂടുതൽ പ്രാധാന്യം നൽകേണ്ടത്. ഒരു ചെറിയ ഉദാഹരണം പറയാം. അപ്പോൾ നിങ്ങൾക്ക് ഏകദേശം എന്താണ് ഉദ്ദേശിച്ചത് എന്ന് മനസ്സിലാവും. അതായത് നമ്മൾ പള്ളിയിൽ പോകുന്നുണ്ട്. അത് ദൈവത്തോടുള്ള സ്നേഹം, ഭക്തി എന്നിവകൊണ്ടാണെങ്കിൽ കുഴപ്പമില്ല, മറിച്ച് മാതാപിതാക്കളെ പേടിച്ച്, പള്ളിയിലെ അച്ചനെ പേടിച്ച് എന്നിവയിലെല്ലാം ഇത് നമുക്ക് ഇതിൽ പെടുത്താവുന്നതാണ്. അപ്പോൾ നാം ഇവിടെ ദൈവത്തേക്കാൾ മറ്റ് പലതിനു മേലെ പ്രാധാന്യം അല്ല ഭയക്കുന്നത്.

ഒന്ന്കൂടി ഞാൻ പറയാം അകം കാണുന്ന മനുഷ്യ ദൈവത്തേക്കാൾ നാം ഭയക്കുന്നത് പുറം കാണുന്ന മനുഷ്യനെയാണ്. ഈ വാചകം പറയുമ്പോൾ നിങ്ങൾക്കും എന്തിനെയെങ്കിലും ഉദാഹരണം നൽകാൻ പറ്റുന്നുണ്ടെങ്കിൽ അവ തിരുത്തേണ്ടത് അനിവാര്യമാണ്. നാം നമുക്ക് മൂല്യങ്ങളും നമ്മുടെ ശരികൾ കൂടാൻ ശ്രമിക്കുകയും തെറ്റുകൾ കുറക്കാൻ ശ്രമിക്കേണ്ടതുമാണ്. അത് ആരേയും ബോധ്യപ്പെടുത്താൻ ഒന്നുമല്ല. മറിച്ച് നമുക്ക് നമ്മോട് തന്നെയുള്ള ഒരു തരം സ്നേഹത്തിന്റെ അർത്ഥമാണ്. അത് നമ്മൾ ദൈവത്തിന് നമ്മുടെ അകം കാണിച്ചാലും ഇല്ലെങ്കിലും ദൈവം കാണും. അപ്പോൾ നാം എന്തിന് ദൈവത്തെ അല്ലാതെ മറ്റ് എന്തിന് ഭയക്കണം. നമുക്ക് ദൈവത്തെ മാത്രം തൃപ്തിപ്പെടുത്തി ജീവിക്കാം. നാം ആരെല്ലാം ആവാൻ വേണ്ടി ശ്രമിക്കുമ്പോൾ മറ്റുമാണ് പ്രശ്നം. നാം അതായത് ഞാൻ ഞാനായിരിക്കുക. അതെ അകം കാണുന്ന ദൈവത്തേക്കാൾ പുറം കാണുന്ന മനുഷ്യനെ നാം എന്തിന് ഭയക്കണം.

## ആദരാഞ്ജലികൾ



തൃശൂർ അതിരൂപതയിലെ വൈദികൻ
**റവ. ഫാ. ഫ്രാൻസിസ് ആലപ്പാട്ട് അച്ചന്**
കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവക സമൂഹത്തിന്റേയും, ടച്ച് – മീയുടെയും
**ആദരാഞ്ജലികൾ...**



# ഈ യുഗത്തിന്റെ വിശുദ്ധൻ വിശുദ്ധ കാർലോ അക്യൂട്ടിസ്

സിസ്റ്റർ ഡെൽന റോസ്



സാങ്കേതികവിദ്യയും ഇന്റർനെറ്റും ആത്മീയ നന്മയ്ക്കായി പ്രയോജനപ്പെടുത്തി തന്റെ പതിനഞ്ചാം വയസ്സുവരെയും മരണ ശേഷവും അനേകരിലേക്ക് 'ക്രിസ്തു ഇന്നും ജീവിക്കുന്നു 'എന്ന് വിളിച്ചുപറഞ്ഞുകൊണ്ടിരിക്കുന്ന ദിവ്യകാരുണ്യ സ്നേഹിതനാണ് ഈ ബാലൻ.

1991 മെയ് 3 ന് ലണ്ടനിൽ ജനിച്ച കാർലോ ആന്ദ്രേ അക്യൂട്ടിസ്, ആന്റോണിയോ ദമ്പതികളുടെ ഏക മകനായിരുന്നു. ഏഴാം ക്ലാസിൽ ആദ്യ കുർബാനസ്വീകരിച്ച കാർലോ ചെറുപ്രായത്തിൽ തന്നെ ആഴമായ മരിയഭക്തി പ്രചരിപ്പിച്ചിരുന്നു. പരിശുദ്ധ അമ്മ സ്വന്തം അമ്മയെ പോലെ ആയിരുന്നു. എല്ലാ ദിവസവും പരിശുദ്ധ അമ്മയോടുള്ള സ്നേഹത്തെ പ്രതി ജപമാല ചൊല്ലുമായിരുന്നു. ഒരിക്കൽ പോലും വിശുദ്ധ കുർബാന മുടക്കിയിരുന്നില്ല എന്നു മാത്രമല്ല ഏറെ നേരം സക്രാരിയുടെ മുമ്പിൽ ചെലവഴിക്കുകയും ചെയ്തിരുന്നു.

കാർ ലോ ഒരിക്കൽ പറയുകയുണ്ടായി: 'സ്വർഗ്ഗം എപ്പോഴും നമ്മെ പ്രതീക്ഷിക്കുന്നു. വിശുദ്ധ കുർബാനയാണ് എനിക്ക് സ്വർഗ്ഗത്തിലേക്കുള്ള വഴി'.

വിശുദ്ധ ഫ്രാൻസിസ് അസ്സീസിയെയും അദ്ദേഹത്തിന്റെ പ്രവൃത്തികളെയും വളരെയധികം ഇഷ്ടപ്പെട്ടിരുന്ന കാർലോ , വിശുദ്ധന്റെ ജന്മനാടായ അസീസി സന്ദർശിക്കുക ഒരു പതിവായിരുന്നു. സാധാരണ കുട്ടികൾ ഇഷ്ടപ്പെടുന്നതുപോലെ വീഡിയോ ഗെയിമുകൾ ഇഷ്ടപ്പെടുകയും കമ്പ്യൂട്ടറിൽ ആകൃഷ്ടനും ആയിരുന്നു. കാർലോ പതിനൊന്നാം വയസ്സിൽ ദിവ്യ കാരുണ്യത്തെക്കുറിച്ച് ഒരു വെബ്സൈറ്റ് രൂപകല്പനചെയ്തു. അതിൽ ദിവ്യകാരുണ്യ അത്ഭുതങ്ങൾ ഇരുപതോളം ഭാഷകളിൽ രേഖപ്പെടുത്തി. സ്വയം കമ്പ്യൂട്ടർ പ്രോഗ്രാമും ഗ്രാഫിക് ഡിസൈനിങ്ങും പഠിച്ചു.

കാർലോയെ ശരിക്കും ഒരു അൽഭുത ബാലൻ ആക്കിയത് ഈ

കമ്പ്യൂട്ടർ പരിജ്ഞാനമാണ്. മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനായി ഈശോയോടുള്ള സ്നേഹത്തെ പ്രതി കാർലോ സ്വന്തമായി രൂപപ്പെടുത്തിയ വെബ്സൈറ്റിൽ ദിവ്യകാരുണ്യ അത്ഭുതങ്ങൾ രേഖപ്പെടുത്തി. ലോകമെമ്പാടും പല സ്ഥലങ്ങളിലായി അംഗീകരിച്ച, 136 അത്ഭുതങ്ങളാണ് വളരെ മനോഹരമായി കാർലോ ഈ പേജിൽ കുറിച്ചിട്ടിരിക്കുന്നത്. www.miracolleucaristici.org എന്ന വെബ്സൈറ്റ് വഴി താൻ അറിഞ്ഞ ഈശോയെ മറ്റുള്ളവർക്ക് എത്തിക്കാനുള്ള ചെറിയ ശ്രമം. പക്ഷേ ഈ 15 വയസ്സുകാരന്റെ തീക്ഷ്ണതയ്ക്ക് മുമ്പിൽ കത്തോലിക്ക സഭ കൂപ്പുകൈകളോടെ പ്രണമിച്ചു. ഇന്ന് ലോകമെമ്പാടും 5 ഭൂഖണ്ഡങ്ങളിൽ ആയി ആയിരക്കണക്കിന് വീഥികളിൽ കാർലോ രൂപപ്പെടുത്തിയ ദിവ്യകാരുണ്യ അത്ഭുതങ്ങളുടെ പ്രദക്ഷിണം നടത്തപ്പെട്ടു കഴിഞ്ഞു. വെബ്സൈറ്റിൽ അദ്ദേഹം പറയുന്നു .'ദിവ്യകാരുണ്യം സ്വീകരിക്കുംതോറും നമ്മൾ കൂടുതൽ ക്രിസ്തുവിനെപോലെയാകുന്നു. അങ്ങനെ ഭൂമിയിൽ നമുക്ക് സ്വർഗീയനുഭൂതി ലഭിക്കുന്നു'.

കത്തോലിക്ക സഭ അംഗീകരിച്ച 136 വിശ്വാസങ്ങളെ അനേകം ഇടവകകളുടെയും വിശ്വാസികളുടെയും സഹകരണത്തോടെ ഡിജിറ്റലായി രൂപപ്പെടുത്തി, വെർച്ചൽ മ്യൂസിയം സൃഷ്ടിച്ചു. 2006 ഒക്ടോബറിൽ പതിനഞ്ചാം വയസ്സിൽ വിശുദ്ധനിൽ ലൂക്കിമിയ സ്ഥിരീകരിച്ചു. ഒക്ടോബർ 12ന് അദ്ദേഹം മരിച്ചു. തന്റെ വേദനകളും സഹനങ്ങളും എല്ലാം വിശുദ്ധൻ മാർപാപ്പയ്ക്കും സഭയ്ക്കും ആയി വാഗ്ദാനം ചെയ്തു.

ബ്രസീലിൽ ഒരു ബാലൻ രോഗസൗഖ്യം നേടിയത് കാർലോയുടെ മധ്യസ്ഥതയിൽ ആണെന്ന് സാക്ഷ്യപ്പെടുത്തി. അതിനെ തുടർന്ന് 2020 ഒക്ടോബർ 10 ന് വാഴ്ത്തപ്പെട്ടവനായും 2024 ജൂലൈ ഒന്നിന് വിശുദ്ധനായും ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചു.

ഇന്നും....... ജനമനസ്സുകളിൽ ജീവിക്കുന്നു........ ഈ യുവ വിശുദ്ധൻ


കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്
**മേരിമാതാ കുടുംബകൂട്ടായ്മ വാർഷികം**
2026 മെയ് 03 ഞായർ വൈകീട്ട് 6 മണിക്ക് - സെഹിയോൻ ശാലയിൽ (ഇടവക പാരിഷ് ഹാൾ)
അദ്ധ്യക്ഷൻ : **റവ. ഫാ. ഡെയ്സൻ മുണ്ടോപുറം** (ഇടവക വികാരി)
കലാപരിപാടികൾ | സമ്മാനദാനം | സ്നേഹവിരുന്ന്
പ്രസിഡണ്ട് **രാജു ബി. ചുങ്കത്ത്** | സെക്രട്ടറി **ആനന്ദി സുനിൽ** | ട്രഷറർ **പി.ജെ. ടോണി**

# പ്രതിനിധിയോഗ വാർത്തകൾ

1. യോഗത്തിൽ നടത്തുകൈക്കാരൻ വർഗ്ഗീസ് ആന്റണി സ്വാഗതം പറഞ്ഞു.
2. ഫെബ്രുവരി-മാർച്ച് മാസത്തെ റിപ്പോർട്ടും, വരവ്-ചെലവ് കണക്കും, ഓഡിറ്റ് റിപ്പോർട്ടും വായിച്ചു പാസ്സാക്കി.
3. ജൂൺ 13ന് നടത്തുന്ന ഇടവക ചെറിയ തിരുനാൾ ആഘോഷ കമ്മിറ്റി ജന. കൺവീനറായി പേൾജു ബി. ചുങ്കത്ത്, ജോ. ജന കൺവീനർ ലില്ലി ആന്റണി, ഫിനാൻസ് കൺവീനർ ലിയോൺ ജോർജ്ജ്, ലിറ്റർജി കൺവീനർ എൻ.ജെ. ജെയ്മോൻ, ഫുഡ് കമ്മിറ്റി കൺവീനർ സി.എൻ. ഇമ്മാനുവേൽ, വർണ്ണമഴ കൺവീനർ പി.ആർ. സജി, പ്രൊസഷൻ കൺവീനർ കെ.ജി. ബാബു എന്നിവരെ തെരഞ്ഞെടുത്തു.
4. മെയ് 22 മുതൽ നമ്മുടെ ഇടവകയിലേക്ക്, ഡീക്കൻ മിനിസ്ട്രിക്കായി ജോബിൻ നടയ്ക്കൽ സി.എസ്.ടി. എത്തിച്ചേരുമെന്ന് അച്ചൻ അറിയിച്ചു.
5. ജോഫി ജോസഫ് നന്ദി പറഞ്ഞു.

NATIONAL & INTERNATIONAL DAYS

## IMPORTANT DAYS OF MAY

| | |
|---|---|
| 1 May | International Labour Day (May Day) / Maharashtra & Gujarat Day |
| 3 May | World Press Freedom Day |
| 4 May | Coal Miners' Day |
| 8 May | World Red Cross Day / World Thalassemia Day |
| 11 May | National Technology Day (India) |
| 12 May | International Nurses Day |
| 15 May | International Day of Families |
| 17 May | World Telecommunication and Information Society Day |
| 18 May | International Museum Day |
| 21 May | National Anti-Terrorism Day (India) |
| 22 May | International Day for Biological Diversity |
| 24 May | Commonwealth Day |
| 31 May | World No Tobacco Day (Anti-Tobacco Day) |

## മിഴിവിളക്ക്

# കാവൽ മാലാഖ

### 18. കാലിയേൽ : "ഉടൻ സഹായത്തിനെത്തുന്ന ദൈവം"
### (ജൂൺ 16-21 കാലയളവിൽ ജനിച്ചവർക്ക്)

സത്യത്തെ വെളിപ്പെടുത്തുന്നവനാണീ ദൂതൻ. തന്റെ സംരക്ഷണത്തിൽകീഴിലുള്ളവരിൽ സത്യം അനിഷേധ്യമാംവിധം പ്രകടിക്കപ്പെടും. വികസനത്തിന്റെ പ്രചോദനം സത്യമാണ്. ദൃശ്യമായവയ്ക്കും അപ്പുറമുള്ള ഇടത്തെ അതു കാട്ടിക്കൊടുക്കുന്നു. ആവശ്യമായ ഇടങ്ങളിൽ സത്യം പ്രകടിപ്പിക്കാൻ അവർക്കു കഴിയും. അവർ ഏതെങ്കിലും തത്വശാസ്ത്രമോ ധാർമിക നിയമോ അവതരിപ്പിക്കേണ്ടതില്ല. അവർ സത്യത്തിന്റെ ദൃശ്യമായ തെളിവുകൾ അവതരിപ്പിക്കുകയും മാത്രം ചെയ്യുന്നു. മറ്റുള്ളവർ സ്വീകരിക്കുമാറ് അനിഷേധ്യമായ കാഴ്ചപ്പാടുകൾ അവതരിപ്പിക്കാൻ ഇദ്ദേഹത്തിന്റെ സംരക്ഷണത്തിൻ കീഴിലുള്ളവർക്ക് സാധിക്കും.

**പ്രാർത്ഥന** : എന്റെ ബുദ്ധിയെ സത്യത്തിന് സേവനം ചെയ്യാൻ നാഥാ, അങ്ങ് അനുവദിച്ചാലും. എന്റെ കഴിവുകൾ വ്യർത്ഥമായി പ്രകടിപ്പിക്കാനുള്ള, എന്റെ ഭാവനയെ ദുരുപയോഗം ചെയ്യാനുള്ള പ്രലോഭനത്തിൽ നിന്ന് എന്നെ രക്ഷിക്കണേ, പരിധികൾ വിട്ടുപോകാൻ അങ്ങയുടെ ശക്തി എന്നെ പ്രാപ്തനാക്കുന്ന പക്ഷം മുന്നറിയിപ്പുതന്ന് എന്നെ സഹായിക്കണേ നാഥാ, എന്റെ യുക്തി അങ്ങയുടേതായിരിക്കട്ടെ. മറ്റുള്ളവരിൽ എനിക്കുള്ള താല്പര്യം യഥാർത്ഥ സ്നേഹത്തിൽ നിന്ന്ഉറവെടുക്കട്ടെ. അങ്ങയുടെ സഹായം ആവശ്യമുള്ള ഏവരേയും അങ്ങ് സഹായിക്കുമല്ലോ. ഓ കാലിയേൻ ദൂതാ, നിയമരഹിതമായ ഈ ലോകത്തെ മനസ്സിലാക്കാനും ഞാനതിനെ നയിക്കേണ്ടിവന്നാൽ എന്നെ ദൈവത്തിന്റെ നിത്യകരുണയിൽ വേർപ്പെടുത്താതെ സൂക്ഷിക്കണേ!

**ഉപദേശം** : മറ്റുള്ളവരുടെ ദൗർഭാഗ്യങ്ങളെ മനസ്സിലാക്കുന്ന, എന്റെ സത്യനിഷ്ഠയുടെ ദൂതനാകുക നീ. നിഷ്കളങ്കന്റെ ശുദ്ധത ശ്രദ്ധിക്കപ്പെടുംവിധം നീ എന്റെ നാമത്തിൽ പ്രവർത്തിക്കും. തെറ്റുകൾക്കിടിയിൽ സത്യം തിരിച്ചറിയപ്പെടും. ഇന്ന് നിന്റെ ജോലി ഇതാണ്, നീതി നടപ്പാക്കുക.

തയ്യാറാക്കിയത്
ഏകോപനസമിതി, കുന്നംകുളം

## സമുദായ ശക്തീകരണ വർഷാചരണത്തിന്റെ ഭാഗമായി കുന്നംകുളം ഇടവകയിൽ ദീപിക തീവ്ര പ്രചാരണ യജ്ഞം



കുന്നംകുളം : സമുദായ ശക്തീകരണത്തിന്റെ ഭാഗമായി നമ്മുടെ കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽ ദീപിക പത്രത്തിന്റെ തീവ്ര പ്രചാരണ യജ്ഞത്തിന്റെ ഉദ്ഘാടനം ഇടവകവികാരി റവ ഫാദർ ഡെയ്സൻ മുണ്ടോപുറം, തൃശൂർ ദീപിക റസിഡന്റ് മാനേജർ റവ ഫാദർ ജിയോ തെക്കിനിയത്തിന് പത്രം നൽകിക്കൊണ്ട് നിർവഹിച്ചു.

ദീപിക ഇടവക പ്രമോട്ടർ വി.സി. ജോസി, സമുദായ ശക്തീകരണ വർഷആചരണ കൺവീനർ പി.ജെ. ടോണി, സമുദായ പത്ര ശക്തീകരണ കൺവീനർ പേൾജു ബി. ചുങ്കത്ത്, കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ ലിയോൺ ജോർജജ്, കുടുംബകൂട്ടായ്മ പ്രസിഡന്റുമാരായ രാജു ബി. ചുങ്കത്ത്, പേൾജു ബി. ചുങ്കത്ത്, എം.എൽ. മാണി, ലിയോൺ ജോർജ്ജ്, സി.എം. സാംസൺ, കെ.ജെ. ജെയ്സൺ, കൈക്കാരൻമാരായ കെ.എൽ. ലോയ്ഡ്, വർഗ്ഗീസ് ആന്റണി, ജോഫി ജോസഫ് എന്നിവർ നേതൃത്വം നൽകി. കുടുംബകുട്ടായമ ഭാരവാഹികൾ പ്രതിനിധി യോഗ അംഗങ്ങൾ, ഇടവക ജനങ്ങൾ എന്നിവർ സജീവമായി പങ്കെടുത്തു.



കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്

### സെന്റ് ജോസഫ് കുടുംബകൂട്ടായ്മ വാർഷികം

**2026 മെയ് 10 ഞായർ വൈകീട്ട് 6 മണിക്ക് - സെഹിയോൻ ശാലയിൽ (ഇടവക പാരിഷ് ഹാൾ)**

അദ്ധ്യക്ഷൻ : **റവ. ഫാ. ഡെയ്സൻ മുണ്ടോപുറം** (ഇടവക വികാരി)

*കലാപരിപാടികൾ* | *സമ്മാനദാനം* | *സ്നേഹവിരുന്ന്*

| പ്രസിഡണ്ട് | സെക്രട്ടറി | ട്രഷറർ |
|---|---|---|
| **പേൾജു ബി. ചുങ്കത്ത്** | **റീന ജെയ്സൺ** | **ജോഫി ജോസഫ്** |

# സംഘടനാ വാർത്തകൾ

**യൂത്ത് സി.എൽ.സി.**

* പെസഹാവ്യാഴാഴ്ചയോടനുബന്ധിച്ച് സ്പിരിച്വൽ ബുക്ക് തയ്യാറാക്കി ഇടവക വികാരിയ്ക്കും മറ്റം ഫൊറോനയിലെ വൈദികർക്കും നൽകി. അംഗങ്ങൾ ചൊല്ലി പ്രാർത്ഥിച്ച പ്രാർത്ഥനകളും ചിത്രങ്ങളും അടങ്ങിയ സ്പിരിച്വൽ ബുക്ക് ആണ് നൽകിയത്.
* ദുഃഖവെള്ളിയാഴ്ചയ്ക്ക് പരിഹാര പ്രദക്ഷിണത്തിൽ 33 കന്യകമാർ മുൾക്കിരീടം വഹിച്ച് നടക്കുകയും ഈശോയ്ക്ക് സമർപ്പിക്കുകയും ചെയ്തു. പ്രദക്ഷിണത്തിൽ കുരിശിന്റെ വഴി അവതരണം നടത്തി. സമകാലിക വിഷയമായ യുദ്ധത്തെ ഉൾക്കൊള്ളിച്ചാണ് അവതരിപ്പിച്ചത്.
* വലിയ ശനിയാഴ്ച ഇടവകയിലെ ഓരോ ഭവനങ്ങളിലും പുതുഹന്നാൻ വെള്ളം നൽകാനായി കുപ്പികൾ ഒരുക്കി യൂണിറ്റ് പ്രസിഡണ്ടുമാർക്ക് നൽകി.
* വലിയ ശനിയാഴ്ച ഈസ്റ്റർ കാരുണ്യദിനമായി ആചരിച്ചു. സംഘടനയുടെ നേതൃത്വത്തിൽ ഇടവകാംഗങ്ങൾ ചൂണ്ടൽ ആശുപത്രിയിൽ അന്നദാനം നടത്തി.
* വലിയ ശനിയാഴ്ച ഈസ്റ്റർ കൂപ്പൺ സമ്മാനാർഹർക്ക് ഇറച്ചി വിതരണം ചെയ്തു.
* ഈസ്റ്റർ ദിനത്തിൽ ഈസ്റ്റർ കിറ്റ് വിതരണം, ഈസ്റ്റർ ഡാൻസ് കളിക്കുകയും ഉയിർപ്പ് അവതരണം നടത്തുകയും ചെയ്തു.
* ഈസ്റ്റർ സ്നേഹസമ്മാനം എന്ന പേരിൽ കുട്ടംകുളങ്ങര പള്ളിയിലേക്ക് ഒരു ടി.വി.യും തുകയും സമ്മാനമായി നൽകി.
* കരുണയുടെ തിരുനാൾ ദിനത്തിൽ അതിരൂപതയിൽ നിന്ന് ബെസ്റ്റ് മോഡൽ യൂണിറ്റിന് അർഹമായി സമ്മാനം ലഭിച്ചതിന്റെ ആഹ്ലാദ പ്രകടനം ബാന്റ് സെറ്റിന്റെ അകമ്പടിയോടെ നടത്തി.

**ജൂനിയർ സി.എൽ.സി.**

* പെസഹ വ്യാഴാഴ്ച ആരാധനയ്ക്ക് നേതൃത്വം നൽകി.
* ദുഃഖവെള്ളിയാഴ്ച തിരുരക്ത സ്തുതിമാല സമർപ്പണം നടത്തി.
* വലിയ ശനിയാഴ്ച സങ്കീർത്തന പാരായണത്തിന് നേതൃത്വം നൽകി.
* ഈസ്റ്ററിനോടനുബന്ധിച്ച് ഈസ്റ്റർ കത്ത് ആതുരാലയത്തിൽ പോയി നൽകി.
* ഓരോ യൂണിറ്റുകളിൽ നിന്നും ന്യൂസ് പേപ്പർ കളക്ഷൻ നടത്തി.

**കത്തോലിക്ക കോൺഗ്രസ്സ്**

* ദുഃഖവെള്ളിയാഴ്ച നഗരികാണിക്കൽ പ്രദക്ഷിണത്തിന് ഈശോയുടെ തിരുശരീരം ചുമക്കുകയും നേതൃത്വം നൽകുകയും ചെയ്തു.
* ഈസ്റ്റർ പാതിരാ കുർബാനക്ക് ശേഷം നോമ്പ് വീടലിന് നേതൃത്വം നൽകി.

**കെ.സി.വൈ.എം.**

* ദുഃഖവെള്ളിയാഴ്ച കരുണയുടെ നൊവേനയുടെ ആരംഭത്തിന് നേതൃത്വം നൽകി.
* വലിയ ശനിയാഴ്ച തിരുകർമ്മങ്ങൾക്കും കരുണയുടെ നൊവേനയ്ക്കും നേതൃത്വം നൽകി.
* ഏപ്രിൽ 12ന് കരുണയുടെ തിരുനാളിന് കാരുണ്യ സ്നേഹസമർപ്പണത്തിനും സമ്മാനവിതരണത്തിനും തിരുനാൾ പ്രദക്ഷിണത്തിനും നേർച്ച പായസ വിതരണത്തിനും നേതൃത്വം നൽകി.

**അൾത്താരസംഘം**

* പെസഹാവ്യാഴാഴ്ച ആരാധനമാല സമർപ്പണം നടത്തി.
* ദുഃഖവെള്ളിയാഴ്ച രാവിലെ തിരുകർമ്മങ്ങൾക്കുശേഷം ഈശോയുടെ ശരീരത്തിനരികെ ഇരുന്ന് ബൈബിൾ പാരായണം തുടർച്ചയായി പരിഹാര പ്രദക്ഷിണാരംഭം വരെ നടത്തി.
* പരിഹാര പ്രദക്ഷിണത്തിൽ 12 ശ്ലീഹന്മാരുടെ പേരുകൾ എഴുതിയ പ്ലക്കാർഡുകൾ വഹിച്ച് നടന്നു.
* ഈസ്റ്റർ കരുതലിന്റെ ഭാഗമായി ചൊവ്വന്നൂർ മരീന ഹോം ആതുരാലയത്തിലേക്ക് അംഗങ്ങൾ വട്ടേപ്പവും പ്രാർത്ഥന കാർഡുകളും നൽകി.
* ഏപ്രിൽ 20 മുതൽ മെയ് 25 വരെ 10 വയസ്സ് മുതൽ 18 വയസ്സ് ഉൾപ്പെടെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യ ഫുട്ബോൾ & ക്രിക്കറ്റ് കോച്ചിംഗ് ക്യാമ്പ്.
* ഏപ്രിൽ 19ന് സംഘടനാംഗങ്ങൾ ലഹരി വിരുദ്ധ ജാഗ്രത സദസ്സ് ഒരുക്കി. ലഹരി വിരുദ്ധമായി ഒരു ബോധവൽക്കരണ ബോർഡ് ദൈവാലയത്തിൽ പ്രദർശിപ്പിക്കുകയും മുകാഭിനയം അവതരിപ്പിക്കുകയും ചെയ്തു.

**തിരുബാലസഖ്യം**

* ഏപ്രിൽ 3ന് ദുഃഖവെള്ളിയാഴ്ച ഓരോ മണിക്കൂർ ഇടവിട്ട് 4 കുഞ്ഞുങ്ങൾ വീതം ഈശോയ്ക്കരികെ ഇരുന്ന് പ്രാർത്ഥിച്ചു.
* ദുഃഖവെള്ളിയാഴ്ച നഗരികാണിക്കൽ ശുശ്രൂഷയിൽ ഈശോനാമം പ്ലക്കാർഡ് പിടിച്ച് പങ്കെടുത്തു.
* വലിയ ശനിയാഴ്ച വാലായ്മ ഭവനങ്ങൾ സന്ദർശിച്ച് ഈസ്റ്റർ

കാരുണ്യ സ്പർശ് നടത്തി.

**കെ.എൽ.എം.**

* ഏപ്രിൽ 3ന് ദുഃഖവെള്ളിയാഴ്ച നേർച്ചകഞ്ഞി വിതരണം ചെയ്യാൻ നേതൃത്വം നൽകി.
* ഏപ്രിൽ 4ന് ഈസ്റ്റർ കിറ്റ് വിതരണം ചെയ്യാൻ നേതൃത്വം നൽകി.
* ഏപ്രിൽ 26ന് കെ.എൽ.എം. ദിനത്തിന് ഒരുക്കമായി കുടുംബകൂട്ടായ്മകൾക്കായുള്ള ഫുട്ബോൾ ഷൂട്ടൗട്ട് ടൂർണ്ണമെന്റ് നടത്തി.

**മാതൃവേദി**

* ഏപ്രിൽ 1ന് കിടപ്പുരോഗികളെ കുമ്പസാരിപ്പിച്ച് വി. കുർബാന നൽകുന്നതിനും ഈസ്റ്റർ മധുരം പങ്കുവെക്കുന്നതിനും നേതൃത്വം നൽകി.
* മാതൃവേദി അമ്മമാർ പെസഹ വ്യാഴാഴ്ച അപ്പം മുറിക്കൽ ശുശ്രൂഷയ്ക്ക് പെസഹ പാൽ ഉണ്ടാക്കി. അച്ഛന്റെ നേതൃത്വത്തിൽ 12 അമ്മമാർ വെള്ള സാരിയുടുത്ത് അൾത്താരയിൽ അച്ഛനോടൊപ്പം പെസഹ അപ്പം മുറിച്ചു.

**റോസ മിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ സമിതി**

* വലിയ ആഴ്ചയിലെ ദൈവാലയാലങ്കാരങ്ങൾ മനോഹരമായി നിർവ്വഹിച്ചു.
* ഈസ്റ്റർ കാരുണ്യത്തിനോടനുബന്ധിച്ച് സംഘടനയുടെ ഈ വർഷത്തെ ദത്ത് കുടുംബത്തെ ഭവനസന്ദർശനം നടത്തി ഈസ്റ്റർ കിറ്റ് നൽകി.
* ഈസ്റ്റർ നോമ്പ് വീടലിനും നേതൃത്വം നൽകി.

**പ്രാർത്ഥനാ ഗ്രൂപ്പ്**

* ഏപ്രിൽ 10, 17, 24 എന്നീ ദിവസങ്ങളിലെ വെള്ളിയാചരണത്തിൽ പ്രാർത്ഥന കൂട്ടായ്മ, ആരാധന, കരുണകൊന്ത, കുമ്പസാരം എന്നിവയ്ക്ക് നേതൃത്വം നൽകി.



കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്


**സെന്റ് ആന്റണീസ് കുടുംബകൂട്ടായ്മ വാർഷികം**

2026 മെയ് 17 ഞായർ വൈകീട്ട് 6 മണിക്ക് - സെഹിയോൻ ശാലയിൽ (ഇടവക പാരിഷ് ഹാൾ)

അദ്ധ്യക്ഷൻ : **റവ. ഫാ. ഡെയ്സൻ മുണ്ടോപുറം** (ഇടവക വികാരി)

കലാപരിപാടികൾ | സമ്മാനദാനം | സ്നേഹവിരുന്ന്

| പ്രസിഡണ്ട് | ജോ. സെക്രട്ടറി | ട്രഷറർ |
|---|---|---|
| **സി.എം. സാംസൺ** | **ലില്ലി ആന്റണി** | **പി.ആർ. സജി** |


36
Happy anniversary
20-05-2026
Raju B. Chungath
Bindhu Raju
Chungath House
Kanippayyur, Kunnamkulam
Best Wishes
Ronith, Anna, Paul & Teyzah




Near Veterinary Hospital, **Pattambi Road, Kunnamkulam.** Tel: 9207 211078

**Thrissur Road, Kunnamkulam.** Tel: 9400211078

KM Trading, Abu Shagara, **Sharjah-UAE** P.B. No. 79625. T: 06-5570879 M: 00971564465704

**Call: +91 9207 211 078**

# റോബോട്ടിക് ശസ്ത്രക്രിയകളെക്കുറിച്ച് ചില സുപ്രധാന വസ്തുതകൾ



**ഡോ. പോൾ സി. റാഫേൽ**

സാങ്കേതിക വിദ്യയുടെ വളർച്ച ആരോഗ്യ രംഗത്തുണ്ടാക്കിയിടുള്ള മാറ്റങ്ങൾ ചെറുതല്ല. അതിസങ്കീർണമായ സാഹചര്യങ്ങളിൽ നിന്നുപോലും രോഗിയെ പൂർണ്ണാരോഗ്യത്തോടെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരാൻ സാധിക്കുന്ന നൂതന ചികിത്സാരീതികളും സംവിധാനങ്ങളും ഇന്ന് നമുക്കുണ്ട്. സർജറി എന്ന വാക്ക് കേൾക്കുമ്പോഴേ മുറിവുകളെക്കുറിച്ചും വേദനയെക്കുറിച്ചും ഭയപ്പെടുന്നവർക്ക് മുന്നിൽ, കുറഞ്ഞ സമയത്തിൽ, വേദനയില്ലാതെ, ചെറിയൊരു മുറിവ് മാത്രം ഉണ്ടാക്കിയെടുത്തുകൊണ്ട് ചെയ്യാവുന്ന റോബോട്ടിക് സർജറി പരമ്പരാഗത സർജറി രീതികളിൽ നിന്നും വിഭിന്നമായ ഒരു ശസ്ത്രക്രിയാരീതിയാണ്.

ഏറെ സങ്കീർണതകളുള്ള ഗൈനക്കോളജി മേഖലയിൽ റോബോട്ടിക് സർജറിയുടെ സാദ്ധ്യതകൾ നിരവധിയാണ് ജനനേന്ദ്രിയമില്ലാത്ത യുവതിക്ക് റോബോട്ടിക് സർജറിയിലൂടെ ജനനേന്ദ്രിയ പുനർനിർമ്മിച്ചുനൽകിയത് റോബോട്ടിക് സർജറി മേഖലയിൽ വിപ്ലവകരമായ മാറ്റത്തിനാണ് തുടക്കമിട്ടത്.

സങ്കീർണ്ണമായ സർജറികൾ, ഗൗരവമേറിയ കേഡുകൾ, വലിപ്പം കൂടിയ ഗർഭപാത്രം, പലപ്രാവശ്യം വയറ്റിൽ ഓപ്പറേഷൻ ചെയ്യേണ്ട കേഡുകൾ, ഗർഭപാത്രം താഴേക്കിറങ്ങി വന്ന സാഹചര്യങ്ങൾ, ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴുമൊക്കെ അനിയന്ത്രിതമായി മൂത്രം പോകുന്ന സ്ട്രസ് യൂറിനറി ഇൻകോണ്ടിനൻസ് (Stress Urinary Incontinence) എന്ന അവസ്ഥ, കാൻസർ ബാധയെ തുടർന്ന് അണ്ഡാശയം, ഗർഭപാത്രം എന്നിവ നീക്കം ചെയ്യുന്ന മാലിഗ്നൻസി സർജറി എന്നിങ്ങനെ വിവിധ ശസ്ത്രക്രിയകൾക്കെല്ലാം റോബോട്ടിക് ഗൈനക് സർജറിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തികഴിഞ്ഞു. യോറോ ഗൈനക്കോളജി, ഓങ്കോളജി തുടങ്ങിയ മറ്റു മേഖലകളിലെല്ലാം തന്നെ റോബോട്ടിക് സർജറി ഫലപ്രദമാണ്.

**ഗൈനക് ശസ്ത്രക്രിയയിലെ കൃത്യതയും സാധ്യതകളും**

സങ്കീർണ്ണമല്ലാത്ത കേസുകളിൽ പരമ്പരാഗത ശസ്ത്രക്രിയ വിദ്യകൾ മതിയാകും. പക്ഷേ, ആവർത്തിച്ചുള്ള ശസ്ത്രക്രിയകളും പൊണ്ണത്തടി, ഗർഭാശയത്തിലും, അണ്ഡാശയത്തിലും ഉണ്ടാകുന്ന വലിയ മുഴകൾ, പെൽവിക് കാൻസർ, പ്രോലാപ്സ് (ഗർഭാശയവും

അതിനോടനുബന്ധിച്ചുള്ള അവയവങ്ങളും, താഴേക്ക് തെന്നി നീങ്ങുന്ന അസ്ഥി, കാൻസറുകൾ തുടങ്ങിയ ഗുരുതരമായ അവസ്ഥകൾ പരിഹരിക്കുന്നതിന് റോബോട്ടിക് ശസ്ത്രക്രിയയുടെ മികവ് വളരെ സഹായകരമാണ്.

വേദന ഇല്ലായ്മ ആണ് അവയിൽ മുഖ്യം. 'Pain Score' പൂജ്യം ആണ് എന്ന് പറയാം. ആശുപത്രിവാസം വളരെ കുറവാണ് എന്നതും പെട്ടെന്ന് തന്നെ വീട്ടിലേക്ക് പോകുവാൻ സാധിക്കുന്നതും രോഗികൾക്ക് വളരെ ആശ്വാസപ്രദമാണ്. ശസ്ത്രക്രിയകൾ വേഗത്തിലാണ് എന്നുള്ളത് ആണ് മറ്റൊരു സവിശേഷത. പരമ്പരാഗത രീതികളെ അപേക്ഷിച്ച് ഇതിന്റെ ഫലങ്ങൾ മികച്ചതാണ്. അപകട സാധ്യതകളും ഗണ്യമായി കുറയുന്നതുകൊണ്ട് രോഗി സാധാരണ ജീവിതത്തിലേക്ക് പെട്ടെന്ന്തന്നെ തിരിച്ചുവരികയും ചെയ്യുന്നു.

**റോബോട്ടിക് ഡാവിഞ്ചി എക്സ് ഐ**

റോബോട്ടിക് സഹായത്തോടെയുള്ള ഗൈനക്കോളജി സർജറിയുടെ സവിശേഷത 3D+HD കാഴ്ചയുടെ സംയോജനമാണ്. ഇത് ശസ്ത്രക്രിയാ വിദഗ്ദ്ധർക്ക് അഭൂതപൂർവ്വമായ ദൃശ്യവ്യക്തത പ്രാപ്തമാക്കുന്നു. ഈ മെച്ചപ്പെടുത്തിയ കാഴ്ച ശരീരത്തിന്റെ ആഴമേറിയ ഇടങ്ങളിൽപ്പോലും എത്തിപ്പെടുന്നതിനും കൃത്യതയോടുകൂടിയ ശസ്ത്രക്രിയകൾ ചെയ്യുന്നതിനും വഴിയൊരുക്കുന്നു. റോബോട്ടിക് ഉപകരണങ്ങൾ ഉപയോഗിച്ച് കൈവരിച്ച കൃത്യതയുടെ നിലവാരം രോഗികൾക്കും ശസ്ത്രക്രിയാ വിദഗ്ദ്ധർക്കും ഒരുപോലെ സാധ്യതകളുടെ ഒരു പുതിയ മേഖല വാഗ്ദാനം ചെയ്യുന്ന ഒരു ഗെയിം ചേഞ്ചറാണ്. റോബോട്ടിക് സഹായത്തോടെ സർജനാണ് ഈ ശസ്ത്രക്രിയ ചെയ്യുന്നത്.

സങ്കീർണ്ണമായ കേസുകൾ വരുമ്പോൾ റോബോട്ടിക് ശസ്ത്രക്രിയയുടെ ആവശ്യം പരമപ്രധാനമാണ്. പെൻവിക് ഓർഗൻ പ്രോലാപ്സ് പുനർനിർമ്മാണം, എൻഡോമെട്രിയോസിസ് ചികിത്സ, അണ്ഡാശയ കാൻസർ, ഗർഭാശ ഗള കാൻസർ തുടങ്ങിയ ശസ്ത്രക്രിയകളിൽ റോബോട്ടിക് ശസ്ത്രക്രിയയുടെ വൈദഗ്ദ്ധ്യം സഹായകമാണ്. റോബോട്ടിക് സംവിധാനങ്ങൾ വാഗ്ദാനം ചെയ്യുന്ന വിപുലമായ കൃത്യതയും ദൃശ്യക്ഷമതയും ഒരുകാലത്ത് വെല്ലുവിളിയായി കണക്കാക്കപ്പെട്ടിരുന്ന ശസ്ത്രക്രിയകൾ സൂക്ഷ്മമായി നടപ്പിലാക്കാൻ സാധിച്ചിരിക്കുന്നു. രോഗി പരിചരണത്തിൽ വിപ്ലവം സൃഷ്ടിക്കാൻ അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഗൈനക്കോളജിക്കൽ സർജറിയുടെ ഭാവി ഇതിലൂടെ രൂപപ്പെടുന്നു.

# ഇടവക ആൽബം

പെസഹാ വ്യാഴം - കാലുകഴുകൽ ശുശ്രൂഷ







വിശുദ്ധ കുർബാനയുടെ പ്രദക്ഷിണം





തിരുരക്തമാല സമർപ്പണം



# ഇടവക ആൽബം

ദുഃഖവെള്ളി



ആരാധന മാല സമർപ്പണം



ദുഃഖശനി



ഈസ്റ്റർ





# ഇടവക ആൽബം

ഈസ്റ്റർ കാരുണ്യ ദിനം



ലഹരി വിരുദ്ധ ജാഗ്രത ദിനം



# ഇടവക ആൽബം

## കരുണയുടെ തിരുനാൾ



## ദൈവദർശൻ ക്യാമ്പ്





## ദൈവവിളി ദിനം





$40^{th}$ Anniversary

$4^{th}$ Anniversary





## M.A. Varghese

Born : 24-02-1924
Died : 31-08-1986

## Mary Varghese

Born : 29-07-1934
Died : 26-05-2022

*Maliyakkal House*
*Kunnamkulam*

"ഞങ്ങൾ നിങ്ങളിൽ നിന്ന് അകന്നുപോയെങ്കിലും
ഞങ്ങളുടെ സ്നേഹം എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.
സ്വർഗ്ഗരാജ്യത്തിൽ നാം ഒരുമിക്കുന്നതുവരെ
നിങ്ങൾ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ"



പാവന സ്മരണയ്ക്ക്...

വേർപാടിന്റെ
16 വർഷം

## കൂത്തൂർ അന്തോണി
## ലൂവീസ്



| ജനനം | മരണം |
|---|---|
| 16 – 09 – 1956 | 14 – 05 – 2010 |

പ്രാർത്ഥനകളോടെ
കൂത്തൂർ ഫാമിലി – കാണിപ്പയ്യൂർ

"എന്നും ഞങ്ങളുടെ മനസ്സിലൂടെ
ജീവിക്കുന്നു അപ്പാ..."





## 4–ാം ചരമവാർഷികം
06-05-2026

## ജോസ്

മേനാഞ്ചേരി ഹൗസ്
തെക്കേപ്പുറം

| ജനനം | മരണം |
|---|---|
| 05 - 05 - 1956 | 06 - 05 - 2022 |

ദുഃഖസ്മരണകളോടെ :
ഭാര്യ, മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ

# വഴിവിളക്ക്

## 21-ാം നൂറ്റാണ്ടിലെ വിശുദ്ധർ

**കൊർണിയോണിലെ വി. ബെനാർഡ്**

| | |
|---|---|
| ജനനം | : 6 ഫെബ്രുവരി 1605 |
| മരണം | : 12 ജനുവരി 1667 |
| വിശുദ്ധ പദവി | : 10 ജൂൺ 2001 |
| തിരുനാൾ | : 12 ജനുവരി |

* ലിയനാർഡോ - ഫ്രാൻസെസ്ക്ക ദമ്പതികളുടെ മൂന്നാമത്തെ മകനായി സിസിലിയിൽ ജനിച്ചു.
* പിതാവിന്റെ മരണത്തിനുശേഷം പട്ടാളത്തിൽ ചേർന്നു.
* പിന്നീട് 1632 ൽ കപ്പൂച്ചിൻ വൈദികനായി പട്ടം സ്വീകരിച്ചു.
* സ്വയം വേദനിപ്പിക്കുന്നതും ഉപവാസം എടുക്കുന്നതും അദ്ദേഹത്തിന്റെ ദിനചര്യകളായിരുന്നു.
* മാതാവിനോട് അതിയായ ഭക്തി പുലർത്തിയിരുന്നു. ഒരിയ്ക്കൽ മാതാവ് പ്രത്യക്ഷപ്പെട്ട് ഉണ്ണിയേശുവിനെ അദ്ദേഹത്തിന്റെ കൈകളിൽ വച്ചുകൊടുത്തു.
* അദ്ദേഹം മരിക്കാൻ പോകുന്ന ദിവസം ഏതാണെന്നും മാതാവ് അദ്ദേഹത്തിന് പറഞ്ഞുകൊടുത്തു.

തയ്യാറാക്കിയത്
കുടുംബകൂട്ടായ്മ കേന്ദ്രസമിതി, കുന്നംകുളം



കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്
**സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ വാർഷികം**
2026 മെയ് 24 ഞായർ വൈകീട്ട് 6 മണിക്ക് - സെഹിയോൻ ശാലയിൽ (ഇടവക പാരിഷ് ഹാൾ)
അദ്ധ്യക്ഷൻ : **റവ. ഫാ. ഡെയ്സൻ മുണ്ടോപുറം** (ഇടവക വികാരി)
കലാപരിപാടികൾ | സമ്മാനദാനം | സ്നേഹവിരുന്ന്

| പ്രസിഡണ്ട് | ജോ. സെക്രട്ടറി | ട്രഷറർ |
|---|---|---|
| കെ.ജെ. ജെയ്സൺ | ഹെന്ന റോബി | വർഗ്ഗീസ് ആന്റണി |

# നിറം കൊടുക്കാമോ

ചിൽഡ്രൻസ് കോർണർ

**ഈ ചിത്രത്തിന് നിറം കൊടുത്ത് പേരും, ക്ലാസ്സും, കുടുംബകൂട്ടായ്മയുടെ പേരും, ഫോൺ നമ്പറും എഴുതി ടച്ച്മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പ് നിക്ഷേപിക്കുക**

**(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)**



പേര് : .................................................................... ക്ലാസ്സ് : ....................

കുടുംബകൂട്ടായ്മ : ...................................... ഫോൺ നമ്പർ :...................................

**കഴിഞ്ഞ ലക്കം നിറം കൊടുക്കാമോ വിജയി**

Caitlin Charles E., Class : I, St. Thomas Kudumbakoottayma

*"വിജയികൾക്കുള്ള സമ്മാനങ്ങൾ ഇടവകദിനപൊതുയോഗത്തിൽ വെച്ച് നൽകുന്നതാണ്"*

ചിൽഡ്രൻസ് കോർണർ

# അടിക്കുറിപ്പ് മത്സരം

**ഈ ചിത്രത്തിന് അടിക്കുറിപ്പെഴുതി പേരും, ക്ലാസ്സും, കുടുംബകൂട്ടായ്മയുടെ പേരും, ഫോൺ നമ്പറും എഴുതി ടച്ച് മീ ബോക്സിൽ 15–ാം തിയ്യതിക്ക് മുമ്പായി നിക്ഷേപിക്കുക**

(ഈ മത്സരം എ.സി.സി. ക്ലാസ്സ് ഉൾപ്പെടെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ........................................ ക്ലാസ്സ് : ....................

കുടുംബകൂട്ടായ്മ: ........................................ ഫോൺ നമ്പർ :....................



**കഴിഞ്ഞ ലക്കം അടിക്കുറിപ്പ് മത്സരം വിജയി**

**ജൂഡിത് ത്രേസ്യ**

Std :I-A, St. Thomas Kudumbakoottayma


*"ആരെയാണാവോ കണികണ്ടത്ത്*
*ഇന്നത്തെ ദിവസം ഒന്നും വിറ്റുപോകുന്നില്ല'*


*"വിജയികൾക്കുള്ള സമ്മാനങ്ങൾ ഇടവകദിനപൊതുയോഗത്തിൽ വെച്ച് നൽകുന്നതാണ്"*

# വചന കലണ്ടർ

## മെയ് 2026 MAY

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | | | **01**<br>2 കോറി 5:14–20<br>യോഹ 3:1–12<br>ഉത്പ 3:17–19, 23–24<br>ജ്ഞാനം 9:10–18<br>കൊളോ 3:14–17<br>മത്താ 13:53–58 | **02**<br>റോമാ 11:25–32<br>മത്താ 18:10–14<br>2 സാമു 22:1–7<br>പ്രഭാ 45:1–5<br>2 കോറി 4:5–14 |
| **03**<br>ഏശ 4:37–31<br>[illegible] 5:1–10,17–23<br>ശ്ലീഹ 13:24–13:3<br>ലൂക്കാ 10:1–11 | **04**<br>2 കോറി 12:5–10<br>ലൂക്കാ 9:1–6 | **05**<br>ഫിലി 2:19–30<br>ലൂക്കാ 8:1–8 | **06**<br>ഫിലി 4:10–20<br>ലൂക്കാ 17:5–10<br>1 യോഹ 2:14–17<br>മർക്കോ 10:13–16 | **07**<br>1 കോറി 15:1–11<br>ലൂക്കാ 9:57–62 | **08**<br>1 കോറി 3:1–9<br>മത്താ 13:24–30 | **09**<br>റോമാ 11:11–16<br>ലൂക്കാ 7:1–10 |
| **10**<br>ഉത്പ 9:8–17<br>2 രാജാ 2:1–15<br>റോമാ 8:1–11<br>യോഹ 5:19–29 | **11**<br>റോമാ 3:21–26<br>യോഹ 4:27–30<br>39–42 | **12**<br>റോമാ 6:19–23<br>യോഹ 5:36–47 | **13**<br>ശ്ലീഹ 20:7–12<br>മർക്കോ 5:21–24<br>35–43 | **14**<br>ഉത്പ 5:18–24<br>ശ്ലീഹ 1:1–14<br>ഹെബ്രാ 10:1–14<br>മർക്കോ 16:9–20 | **15**<br>വെളി 5:1–14<br>യോഹ 1:35–39 | **16**<br>ഹെബ്രാ 8:1–6<br>യോഹ 17:9–19 |
| **17**<br>ഉത്പ 28:10–19<br>[illegible] 4:1–5<br>1 പത്രോ 1:3–9<br>ലൂക്കാ 24:44–53 | **18**<br>1 തിമോ 2:1–7<br>ലൂക്കാ 18:1–8 | **19**<br>റോമാ 8:26–30<br>ലൂക്കാ 18:9–14 | **20**<br>റോമാ 8:12–17<br>ലൂക്കാ 11:1–4 | **21**<br>ശ്ലീഹ 10:44–48<br>മത്താ 7:7–14 | **22**<br>എഫേ 6:14–20<br>യോഹ 4:19–24 | **23**<br>2 കോറി 1:17–22<br>ലൂക്കാ 11:5–13 |
| **24**<br>ഉത്പ 2:1–8<br>[illegible]<br>ശ്ലീഹ 2:1–21<br>യോഹ 20:19–23 | **25**<br>ഗലാ 3:10–14<br>യോഹ 16:5–15 | **26**<br>1 കോറി 12:4–11<br>28–31<br>ലൂക്കാ 19:11–27 | **27**<br>റോമാ 12:3–13<br>ലൂക്കാ 1:39–45 | **28**<br>റോമാ 15:7–13<br>ലൂക്കാ 10:17–22 | **29**<br>[illegible] 11:1–17<br>[illegible] 35:1–10<br>ശ്ലീഹ 3:1–10<br>യോഹ 16:19–24 | **30**<br>റോമാ 14:1–9<br>മർക്കോ 13:9–13<br>റോമാ 12:9–16<br>ലൂക്കാ 1:39–45 |
| **31**<br>[illegible] 19:1–8<br>[illegible] 2:1–7<br>1 തിമോ 1:12–19<br>യോഹ 11:1–16 | **01**<br>റോമാ 8:31–39<br>മർക്കോ 3:13–19<br>ഉത്പ 18:23–32<br>ജ്ഞാനം 10:9–14 | **02**<br>വെളി 18:1–6<br>മർക്കോ 8:34–38 | **03**<br>ഹെബ്രാ 10:11–18<br>ലൂക്കാ 14:25–35 | **04**<br>ഉത്പ 14:17–20<br>[illegible]<br>1 കോറി 11:23–30<br>മത്താ 26:17–29 | **05**<br>ഹെബ്രാ 10:32–39<br>മർക്കോ 10:23–31 | **06**<br>2 കോറി 3:1–6<br>യോഹ 10:31–42 |


HAPPY
BIRTHDAY
Esra
John Thachil
09-05-2026
Reuben
John Thachil
14-06-2026
Bagyalakshmi & Earnesto Thachil
Thachil Villa
Thekkepuram, Kunnamkulam
Best Wishes :
Appapa & Ammamma
Fr Fidel Thachil
Dr. Madonna T Thachil





Pulimoottil SILKS

PALACE ROAD, THRISSUR
0487-2335524 +91-90484 34488
THIRUVALLA | KOCHI | KOTTAYAM | THODUPUZHA | KOLLAM | PALA
WWW.PULIMOOTTILONLINE.COM



Published by : Chief Editor, Touchme, Kunnamkulam - for Private Circulation only Printed at : Nirmala Hiprint Pvt. Ltd. Thrissur - Layout : Mcube Graphics KKM